# ഏറാമല ഗ്രാമപഞ്ചായത്താഫീസ്

*ഓർക്കാട്ടേരി(പി.ഒ),കോഴിക്കോട് (ജില്ല)പി.ൻ :673501*

***ഫോൺ: 0496 2547047E-mail: eramalagp@gmail.com***


---

നമ്പർ 2162/22 തീയ്യതി : 15/11/2023

പ്രേഷിതൻ

സെക്രട്ടറി

ഏറാമല ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്

ചന്ദ്രിക

കാർത്തിക

പുന്നോറത്ത് മീത്തൽ

ഓർക്കാട്ടേരി

സർ,

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ്-സ്ഥിരം അദാലത്ത് തീരുമാനം സംബന്ധിച്ച്

സൂചന : 1 താങ്കൾ അദാലത്ത് മുമ്പാകെ സമർപ്പിച്ച പരാതി

2: 06/11/2023 തീയ്യതിയിലെ തദ്ദേശ സ്വയംഭരണ വകുപ്പ്-സ്ഥിരം അദാലത്ത് തീരുമാനം

ഏറാമല ഗ്രാമ പഞ്ചായത്തിൽ ഏട്ടാം വാർഡിൽ 31.എ നമ്പർ വാണിജ്യ കെട്ടിടത്തിനോടനുബന്ധിച്ച് പണിത മുറിയ്ക്ക് കെട്ടിട നമ്പർ അനുവദിച്ചില്ല എന്നത് സംമ്പന്ധിച്ച് സൂചന 1 പ്രകാരം താങ്കൾ അദാലത്ത് മുമ്പാകെ സമർപ്പിച്ച പരാതിയിൽ ,കെട്ടിട നമ്പർ അനുവദിക്കാൻ കഴിയാത്തത് കൃത്യമായ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം മൂലമാണെന്ന് അദാലത്ത് സമിതിക്ക് ബോധ്യപെട്ടതായും ആയതിനാൽ ആയത് പരിഹരിക്കുന്നതിന് 15 ദിവസത്തിൽ കുറയാത്ത സമയം അനുവദിക്കുന്നതിനും സൂചന 2 പ്രകാരം തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ താങ്കൾ സമർപ്പിച്ച അപേക്ഷയിൽ തുടർ നടപടി സ്വീകരിക്കുന്നതിന് 15 ദിവസിത്തിനകം താഴെ പറയുന്ന ന്യൂനതകൾ പരിഹരിച്ച വിവരം രേഖാമൂലം ഓഫീസിൽ അറിയിക്കേണ്ടതാണ്.

-താങ്കളുടെ കൈവശത്തിലുള്ള 13.8 സെന്റ് സ്ഥലത്ത് നിയമാനുസൃത സെറ്റ്ബാക്ക് നിബന്ധനകൾ പാലിക്കാതെയാണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്.

-നിലവിലുള്ള കാർവാഷിംഗ് സെന്ററായി ഉപയോഗിക്കുന്ന കെട്ടിടത്തിന്റെ ഫ്രണ്ട് യാർഡിൽ ഇടത് ഭാഗത്തായിട്ടാണ് ഏതാണ്ട് 5 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടം സ്ഥിതി ചെയ്യുന്നത് നിലവിലുള്ള കെട്ടിടവുമായി കേവലം 1.20 മീറ്റർ അകലം മാത്രമാണ് പാലിക്കുന്നത് .നിലവിലുള്ള കെട്ടിടത്തിൽ നിന്നും സംസ്ഥാന ഹൈവയ്യോട് ചേരുന്നിടം വരെ മുൻ ഭാഗത്ത് ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര സ്ഥാപിച്ചതിനാൽ കെ പി ബി ആർ ആക്ട് 220(ബി) ലംഘനവും നടന്നതായി കാണുന്നു.

- കെട്ടിടത്തിന്റെ പിൻഭാഗത്ത് പ്ലോട്ട് അതിർത്തി വരെ കോൺക്രീറ്റ് മേൽക്കൂര അധികനിർമ്മാണം നടത്തി ബന്ധിപ്പിച്ചതായി കാണുന്നു. ഇക്കാരണത്താൽ പിൻഭാഗത്ത് വേണ്ട സെറ്റ് ബാക്ക് ലഭ്യമല്ല .

- നിയമാനുസൃത മഴവെള്ള സംഭരണ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

-സൈറ്റും, പ്ലാനും തമ്മിൽ വ്യത്യാസം കാണുന്നു

-കെട്ടിടത്തിന്റെ ഉള്ളളവുകൾ രേഖപെടുത്തിയതിൽ വ്യത്യാസം കാണുന്നു.

-റഗുലറൈസ്ഡ് ബിൽഡിംഗിൽ ഡിസാബിൾഡ് ടോയിലറ്റ് ഉള്ളതായികാണുന്നില്ല.

-നിലവിലുള്ളഡിസാബിൾഡ്ടോയിലറ്റിന്റെഅളവുകൾരേഖപെടുത്തിയതായികാണുന്നില്ല

-സമർപ്പിച്ച പ്ലാനിൽ റാംപ്, ആർ.ഡബ്ല്യു.എച്ച് എന്നിവ ഉള്ളതായി കാണുന്നു.എന്നാൽ പ്ലോട്ടിൽ ഏർപ്പെടുത്തിയതായി കാണുന്നില്ല.

-എഫ്ളുവൻറ്റ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സ്ഥാനം ഡ്രോയിംങ്ങിൽ രേഖപെടുത്തിയതിൽ വ്യത്യാസം കാണുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി

പകർപ്പ്- ഇന്റേണൽ വിജിലൻസ് ഓഫീസർ, കോഴിക്കോട്

SECRETARY